REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 03-11-2025** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- ഉപരാഷ്ട്രപതി C.P രാധാകൃഷ്ണൻ രണ്ടുദിവസത്തെ സന്ദർശനത്തിന് ഉച്ചകഴിഞ്ഞ് തിരുവനന്തപുരത്തെത്തും.
- രാജ്യം സാങ്കേതിക പരിവർത്തനത്തിന്റെ വഴികാട്ടിയായി മാറിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
- ഗവൺമെന്റ് സ്ഥാപനങ്ങളുടെ പരിസരത്ത് തെരുവുനായ്ക്കൾക്ക് ഭക്ഷണം നൽകുന്നത് നിയന്ത്രിക്കാൻ രണ്ട് ദിവസത്തിനകം ഉത്തരവ് പുറപ്പെടുവിക്കുമെന്ന് സുപ്രീംകോടതി.
- കുറ്റവാളികൾക്കെതിരെ നടപടി എടുക്കാൻ പൊലീസിന് അനുമതിക്ക് കാത്തു നിൽക്കേണ്ടതില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- സംസ്ഥാനത്ത് ഹയർസെക്കണ്ടറി വിദ്യാർത്ഥിനികൾക്ക് HPV വാക്സിനേഷൻ പദ്ധതിക്ക് തുടക്കമായി.
- 55-ാം സംസ്ഥാന ചലച്ചിത്ര അവാർഡുകൾ വൈകീട്ട് പ്രഖ്യാപിക്കും.

## വാർത്തകൾ വിശദമായി

**ഉപരാഷ്ട്രപതി C.P രാധാകൃഷ്ണൻ രണ്ടുദിവസത്തെ സന്ദർശനത്തിന് ഉച്ചകഴിഞ്ഞ് കേരളത്തിലെത്തും. തിരുവനന്തപുരം വിമാനത്താവളത്തിലിറങ്ങുന്ന ഉപരഷ്ട്രപതി, ഹെലികോപ്ടർ മാർഗം കൊല്ലത്തെത്തും.**

ഫാത്തിമ മാതാ കോളേജ് ഡയമണ്ട് ജൂബിലി ആഘോഷങ്ങൾക്കായി എത്തുന്ന ഉപരാഷ്ട്രപതിയെ വരവേൽക്കാൻ കൊല്ലം നഗരം ഒരുങ്ങിക്കഴിഞ്ഞു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി.

.......(വോയ്സ്)................

✪✪✪

ഉപരാഷ്ട്രപതിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട് കൊല്ലം നഗരത്തിൽ സുരക്ഷ ശക്തമാക്കി. ഗതാഗത നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുണ്ട്. ഉച്ചയ്ക്കുശേഷം നഗരപരിധിയിലെ 27 സ്കൂളുകൾക്ക് കളക്ടർ അവധി പ്രഖ്യാപിച്ചു.

✪✪✪

ലോകകപ്പ് ഏകദിന ക്രിക്കറ്റ് കിരീടം സ്വന്തമാക്കിയ ഇന്ത്യൻ വനിതാ ടീമിനെ രാഷ്ട്രപതി ദ്രൗപതി മുർമു അഭിനന്ദിച്ചു. ചരിത്ര നിമിഷമാണെന്നും പെൺകുട്ടികൾ ഇന്ത്യക്ക് അഭിമാനമായി മാറിയതിൽ അതിയായ സന്തോഷമുണ്ടെന്നും രാഷ്ട്രപതി പറഞ്ഞു. നിർണായകമായ ഈ നിമിഷം വനിതാ ക്രിക്കറ്റിനെ കൂടുതൽ ഉയരങ്ങളിലേക്ക് കൊണ്ടുപോകുമെന്നും ദ്രൗപതി മുർമു സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

നവി മുംബൈയിലെ DY പാട്ടീൽ സ്റ്റേഡിയത്തിൽ ഇന്നലെ കലാശപോരാട്ടത്തിൽ ദക്ഷിണാഫ്രിക്കയെ 52 റൺസിന് കീഴടക്കിയാണ് ഇന്ത്യ കന്നിക്കിരീടം സ്വന്തമാക്കിയത്.

✪✪✪

രാജ്യം സാങ്കേതികവിദ്യയുടെ ഉപഭോക്താവ് മാത്രമല്ല, സാങ്കേതിക പരിവർത്തനത്തിന്റെ വഴികാട്ടിയുമായി മാറിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ എമർജിംഗ് സയൻസ് ആൻഡ് ടെക്നോളജി ഇന്നൊവേഷൻ കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സാങ്കേതികവിദ്യയിലെ രാജ്യത്തിന്റെ വളർച്ച അതിവേഗമാണെന്നും, ലോകത്തിലെ ഏറ്റവും വിജയകരമായ ഡിജിറ്റൽ അടിസ്ഥാന

സൗകര്യങ്ങൾ ഇന്ത്യയിൽ സൃഷ്ടിച്ചിട്ടിട്ടുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

തെലങ്കാനയിലെ രെങ്കറെഡ്ഡി ജില്ലയിൽ വാഹനാപകടത്തിൽ 17 പേർ മരിച്ചു. രാവിലെ വികാരബാദ് - ഹൈദരാബാദ് ദേശീയപാതയിൽ ഇരുചക്ര വാഹനത്തെ മറികടക്കുന്നതിനിടെ ട്രക്ക് ബസിലിടിച്ചാണ് അപകടമുണ്ടായത്. പരിക്കേറ്റ 20 പേരെ സമീപത്തെ ആശുപത്രികളിലേക്ക് മാറ്റിയതായി പൊലീസ് അറിയിച്ചു.

സംഭവത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദുഃഖം രേഖപ്പെടുത്തി. പരിക്കേറ്റവർ വേഗത്തിൽ സുഖം പ്രാപിക്കട്ടെ എന്ന് അദ്ദേഹം ആശംസിച്ചു. മരിച്ചവരുടെ കുടുംബങ്ങൾക്ക് രണ്ട് ലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് 50,000 രൂപ വീതവും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം പ്രഖ്യാപിച്ചു.

✪✪✪

രാജസ്ഥാനിലെ ഫലോടി ജില്ലയിൽ ടെമ്പോ ട്രാവലർ ട്രക്കിലിടിച്ച് 15 പേർ മരിച്ചു. ഇന്നലെ വൈകിട്ടുണ്ടായ അപകടത്തിൽ രണ്ടു പേർക്ക് ഗുരുതരമായി പരിക്കേറ്റു.

രാജസ്ഥാൻ വാഹനാപകടത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ദുഃഖമറിയിച്ചു. മരിച്ചവരുടെ അടുത്ത ബന്ധുക്കൾക്ക് ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും പ്രധാനമന്ത്രി ധനസഹായം പ്രഖ്യാപിച്ചു.

✪✪✪

ഗവൺമെന്റ് സ്ഥാപനങ്ങളുടെ പരിസരത്ത് തെരുവുനായ്ക്കൾക്ക് ഭക്ഷണം നൽകുന്നത് നിയന്ത്രിക്കാൻ രണ്ട് ദിവസത്തിനകം ഉത്തരവ് പുറപ്പെടുവിക്കുമെന്ന് സുപ്രീംകോടതി വ്യക്തമാക്കി. തെരുവുനായ ശല്യം സംബന്ധിച്ച് സ്വമേധയാ എടുത്ത കേസ് പരിഗണിക്കുകയായിരുന്നു കോടതി. ജസ്റ്റിസുമാരായ വിക്രംനാഥ്, സന്ദീപ് മേത്ത, NV അഞ്ജരിയ എന്നിവരടങ്ങിയ ബെഞ്ചാണ് കേസ് പരിഗണിച്ചത്.

കേരളമുൾപ്പെടെ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ചീഫ് സെക്രട്ടറിമാർ ഇന്ന് സുപ്രീംകോടതിയിൽ നേരിട്ട് ഹാജരായി.

✪✪✪

ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ട പ്രചാരണം നാളെ വൈകിട്ട് അവസാനിക്കും. NDA യിലെയും, മഹാസഖ്യത്തിലെയും താരപ്രചാരകരും, മുതിർന്ന നേതാക്കളും മണ്ഡലങ്ങളിൽ തിരക്കിട്ട പ്രചാരണത്തിലാണ്. ഒന്നാംഘട്ടത്തിനു പുറമെ രണ്ടാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന മണ്ഡലങ്ങളിലും പ്രചാരണം കൂടുതൽ ചൂടുപിടിച്ചു.

✪✪✪

കുറ്റവാളികൾക്കെതിരെ മുഖം നോക്കാതെ നടപടി എടുക്കാൻ പൊലീസിന് ആരുടെയും അനുമതിക്ക് കാത്തു നിൽക്കേണ്ടതില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കണ്ണൂർ മാങ്ങാട്ടുപറമ്പ് KAP നാലാം ബറ്റാലിയനിൽ പരിശീലനം പൂർത്തിയാക്കിയ പൊലീസ് ട്രെയിനികളുടെ പാസിംഗ് ഔട്ട് പരേഡിൽ അഭിവാദ്യം സ്വീകരിക്കുകയായിരുന്നു അദ്ദേഹം.

രാജ്യത്തെ ഏറ്റവും മികച്ച പൊലീസ് സേനയാണ് കേരളത്തിലേതെന്നും, ശാസ്ത്രീയ കുറ്റാന്വേഷണ രംഗത്തും സൈബർ കുറ്റാന്വേഷണ മേഖലയിലും സംസ്ഥാനം ലോകത്തിന് മാതൃകയാണെന്നും മുഖ്യമന്ത്രി പറഞ്ഞു. പൊലീസ് സേനയെ ആധുനികവൽകരിക്കാൻ വലിയ ശ്രമമാണ് നടക്കുന്നത്. പൊതുജനങ്ങളോട് സൗമ്യമായും കുറ്റവാളികളോട് കർക്കശമായും ഇടപെടൻ പൊലീസിന് കഴിയണമെന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചു.

പാലക്കാട്ടെ KAP രണ്ടാം ബറ്റാലിയനിലെയും, കണ്ണൂരിലെ KAP നാലാം ബറ്റാലിയനിലെയും 479 പേരാണ് പരിശീലനം പൂർത്തിയാക്കിയത്.

✪✪✪

ഗർഭാശയഗള കാൻസർ പ്രതിരോധത്തിന് സംസ്ഥാനത്ത് ഹയർസെക്കണ്ടി വിദ്യാർത്ഥിനികൾക്ക് HPV വാക്സിനേഷൻ നൽകുന്ന പദ്ധതി മുഖ്യമന്ത്രി പിണറായി വിജയൻ കൂത്തുപറമ്പിൽ ഉദ്ഘാടനം ചെയ്തു. കണ്ണൂർ ജില്ലയിലാണ് പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പാക്കുന്നത്.

ജില്ലാ പ്രതിനിധി K.O ശശിധരൻ.

....(വോയ്സ്)......

✪✪✪

KSRTC പെൻഷൻ വിതരണത്തിന് 74 കോടി 34 ലക്ഷം രൂപ അനുവദിച്ചതായി മന്ത്രി KN ബാലഗോപാൽ അറിയിച്ചു. ഈ വർഷം 933 കോടി 34 ലക്ഷം രൂപ KSRTC യ്ക്ക് നൽകിയെന്നും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

പ്രത്യേക സഹായമായി 350 കോടി രൂപയും, പെൻഷൻ വിതരണത്തിന് 583 കോടി 44 ലക്ഷം രൂപയുമാണ് ലഭ്യമാക്കിയത്. ഈ വർഷം ബജറ്റ് വകയിരുത്തൽ 900 കോടി രൂപയാണ്. കഴിഞ്ഞ സാമ്പത്തിക വർഷം ബജറ്റിൽ അനുവദിച്ചിരുന്ന 900 കോടി രൂപയ്ക്കുപുറമെ 676 കോടി രൂപ അധികമായി കോർപറേഷന് ഗവൺമെന്റ്- സഹായം ലഭിച്ചിരുന്നു.

✪✪✪

55-ാം സംസ്ഥാന ചലച്ചിത്ര അവാർഡുകൾ ഇന്ന് പ്രഖ്യാപിക്കും. പ്രകാശ് രാജ് അധ്യക്ഷനായ ജൂറിയാണ് അവാർഡുകൾ നിർണയിച്ചത്. വൈകിട്ട് മൂന്നരയ്ക്ക് തൃശ്ശൂർ രാമനിലയത്തിൽ മന്ത്രി സജി ചെറിയാനാണ് അവാർഡുകൾ പ്രഖ്യാപിക്കുക.

✪✪✪

കാലാവധി കഴിഞ്ഞതുകൊണ്ട് മാത്രമാണ് ചലച്ചിത്ര അക്കാദമി ചെയർമാനായിരുന്ന നടൻ പ്രേംകുമാറിനെ മാറ്റി ചലച്ചിത്ര ശബ്ദ മിശ്രണ കലാകാരൻ റസൂൽ പൂക്കുട്ടിയെ നിയമിച്ചതെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു. അതിൽ അസ്വാഭാവികത ഒന്നുമില്ലെന്നും, പ്രേം കുമാറിന് അർഹമായ പരിഗണന LDF ഗവൺമെന്റ് നൽകിയിട്ടുണ്ടെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. ആശാ സമരത്തെ പ്രകീർത്തിച്ചത് കൊണ്ടാണ് പ്രേംകുമാറിനോട് അനിഷ്ടം ഉള്ളത് എന്ന വാദം ശരിയല്ലെന്നും മന്ത്രി തൃശൂരിൽ പറഞ്ഞു.

സംസ്ഥാന ചലച്ചിത്ര അവാർഡ് നിർണയത്തിൽ കഴിഞ്ഞ നാലു വർഷവും അപാകം ഉണ്ടായിട്ടില്ലെന്നും, ഈ വർഷവും കുറ്റമറ്റ രീതിയിലായിരിക്കും അവാർഡ് നിർണയം നടത്തുകയെന്നും സജി ചെറിയാൻ വ്യക്തമാക്കി.

✪✪✪

മുട്ടിൽ മരംമുറി കേസ് അന്വേഷണത്തിൽ ഇതുവരെ ഇടപെട്ടിട്ടില്ലെന്ന് മന്ത്രി A.K ശശീന്ദ്രൻ പറഞ്ഞു. കേസ് അന്വേഷണസംഘത്തെ ഏൽപ്പിച്ചു കഴിഞ്ഞാൽ ഇടപെടേണ്ട ആവശ്യമില്ലെന്നും ഇടപെട്ടാൽ ക്രൈംബ്രാഞ്ചിന്റെയും പോലീസിന്റെയും അന്വേഷണത്തെ

ബാധിക്കുമെന്നും മന്ത്രി തൃശൂരിൽ പറഞ്ഞു. മരം മുറിച്ച പ്രമാണിമാർ രക്ഷപ്പെടുകയും പാവപ്പെട്ടവർ ശിക്ഷിക്കപ്പെടുകയും ചെയ്യുന്നത് വന നിയമത്തിന്റെ പോരായ്മയാണെന്നും മന്ത്രി പറഞ്ഞു.

✪✪✪

വിഷൻ 2031 സംസ്ഥാനതല സെമിനാർ കണ്ണൂർ കലക്ടേറ്റ് മൈതാനിയിൽ ആരംഭിച്ചു. മുൻ സുപ്രീം കോടതി ജഡ്ജി CT രവികുമാർ ഉദ്ഘാടനം ചെയ്തു. നമ്മുടെ ഭരണ ഘടനയെക്കുറിച്ചും മൗലിക അവകാശങ്ങളെക്കുറിച്ചും പൗരന്മാർക്ക് അറിവുണ്ടായിരിക്കണമെന്ന് അദ്ദേഹം അറിയിച്ചു. അക്രമം നടന്നാൽ അതിനെ കുറിച്ച് പൂർണ്ണമായ അന്വേഷണം നടത്താൻ പൊലീസിന് സാധിക്കണമെന്നും CT രവികുമാർ പറഞ്ഞു.

✪✪✪

മാലിന്യക്കൂമ്പാരമായിരുന്ന തൃശൂർ ലാലൂർ ഇനി ചരിത്രത്തിൽ അടയാളപ്പെടുന്നത് കായിക വിസ്മയത്തിന്റെ ഈറ്റില്ലമായിട്ടായിരിക്കും. ഫുട്ബോൾ ഇതിഹാസമായ പത്മശ്രീ IM വിജയന്റെ പേരിൽ അന്താരാഷ്ട്ര സ്പോർട്സ് കോംപ്ലക്സ് ഒന്നാംഘട്ടം പൂർത്തിയാക്കി ഇന്ന് നാടിന് സമർപ്പിക്കും.

തൃശൂരിൽ നിന്ന് ഭരിത പ്രതാപ് ..........

....... (വോയിസ് )..........

✪✪✪

സൂപ്പർ കപ്പ് ഫുട്ബോളിലെ രണ്ടാം മത്സരത്തിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ്, സ്പോർട്ടിങ് ക്ലബ് ഡൽഹിയെ നേരിടും. ഡൽഹി പനാജിയിലെ ബാംബോലിം സ്റ്റേഡിയത്തിൽ വൈകീട്ട് 4.30 നാണ് മത്സരം.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ അഞ്ചാം റൗണ്ടിലെ രണ്ടാം മത്സരത്തിൽ എറണാകുളം മഹാരാജാസ് സ്റ്റേഡിയത്തിൽ നാളെ ഫോഴ്സ കൊച്ചി FC, മലപ്പുറം FC യെ നേരിടും. ആദ്യ മത്സരത്തിൽ

ഇന്നലെ കാലിക്കറ്റ് FC, തിരുവനന്തപുരം കൊമ്പൻസിനെ ഒരുഗോളിന് തോൽപ്പിച്ചു.

✪✪✪

കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിന്റെ നവീകരണം ഉടൻ പൂർത്തിയാവുമെന്ന് മന്ത്രി V.അബ്ദുറഹിമാൻ പറഞ്ഞു. ആദ്യ സന്തോഷ് ട്രോഫി സ്വന്തമാക്കിയ കേരള ടീമംഗങ്ങൾക്ക് മലപ്പുറത്ത് നൽകിയ ആദരം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നിലവിൽ ഫിഫ അംഗീകാരമില്ലാത്ത സ്റ്റേഡിയത്തിന് അടുത്ത ആഴ്ച അംഗീകാരം ലഭിക്കുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

---

*News Editor & News Reader: വി കെ സുരേഷ്*
*NRTs: സബിത ആനന്ദ്, ഫസ്ന ഫാത്തിമ*
*DEO: ഷീബ*